പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 325 09.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം

ചോദ്യം

ശ്രീ. എൻ.എ നെല്ലിക്കുന്ന് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ.റ്റി.സി.യിൽ നിന്നും വിരമിച്ച രോഗികളായ നിരവധി പെൻഷൻകാർക്ക് പെൻഷൻ ലഭിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇവർക്ക് ജോലിയിലുണ്ടായിരുന്ന സമയത്ത് ഉറപ്പു ചെയ്തിരുന്ന പെൻഷൻ നൽകാതെ സാമൂഹ്യ നീതി നിഷേധിക്കുകയാണെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | (ബി) | പരിഗണിക്കുന്നതാണ്. |
| (സി) | പെൻഷൻ കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷനും, ശമ്പളവും നൽകാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കോർപ്പറേഷന്റെ പ്രതിമാസ വരവും-ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ ഏപ്രിൽ മാസത്തെ പെൻഷൻ 4,200/- രൂപയായാണ് വിതരണം ചെയ്ത്. മെയ് മാസത്തെ പെൻഷൻ നാളിതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ടി കുടിശ്ശിഖ വിതരണം ചെയ്യുന്നതിനായി സത്വര നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ